# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3552 17.12.2015 - ൽ മറുപടിക്ക്

## പി.എസ്.സി. നിയമനവും റിസർവേഷൻ മാനദണ്ഡങ്ങളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ജെയിംസ് മാത്യു | | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) | പി.എസ്.സി. യുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുമ്പോൾ നിലവിലുള്ള റിസർവേഷൻ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്താറുണ്ടോ; | (എ) | പി.എസ്.സി യുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുമ്പോൾ നിലവിലുള്ള സംവരണ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നു എന്ന് P.S.C. ഉറപ്പുവരുത്തുന്നുണ്ട്. ഇതു കൂടാതെ പാകപ്പിഴകൾ എന്തെങ്കിലും സംഭവിച്ചിട്ടുണ്ടോ എന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) | എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നും (പത്തനംതിട്ട ജില്ല) കാറ്റഗറി നമ്പർ 205/09 ൽ ഏതെല്ലാം റൊട്ടേഷൻ പോയിന്റുകളിലാണ് ധീവര വിഭാഗത്തിലുള്ളവർ വന്നിട്ടുള്ളതെന്നും അവരിൽ എത്ര പേരുടെ നിയമനങ്ങൾ നടന്നുവെന്നും വെളിപ്പെടുത്തുമോ; | (ബി) | പത്തനംതിട്ട ജില്ലയിൽ LD Typist തസ്തികയിൽ നിലവിലുള്ള റാങ്ക് പട്ടികയിൽ നിന്നും ധീവര വിഭാഗത്തിന്റെ ടേണിൽ രണ്ട് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്. റൊട്ടേഷൻ ചാർട്ടിലെ 50-ാം ഊഴം ആണ് ധീവര വിഭാഗത്തിനായി നീക്കി വച്ചിട്ടുള്ളത്. |
| (സി) | എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ് (തിരുവനന്തപുരം ജില്ല) ധീവര വിഭാഗത്തിൽ നിന്നും എത്ര പേരെ നിയമിച്ചുവെന്നും അത് ഏതെല്ലാം റൊട്ടേഷനിൽ നിന്നാണെന്നും വ്യക്തമാക്കുമോ? | (സി) | തിരുവനന്തപുരം ജില്ലയിൽ 17.05.2012 ന് നിലവിൽ വന്ന LD Typist തസ്തികയുടെ റാങ്ക് പട്ടികയിൽ നിന്നും ധീവര വിഭാഗത്തിലെ 4 ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്. റൊട്ടേഷൻ ചാർട്ടിലെ 50-ാം ഊഴം ആണ് ധീവര വിഭാഗത്തിനായി നീക്കി വച്ചിട്ടുള്ളത്. |

Subhi

സെക്ഷൻ ഓഫീസർ